മെഡിക്കൽ കോളേജ് ലൈബ്രറികളിൽനിന്നും എല്ലാ വിദ്യാർത്ഥികൾക്കും ബുക്ക് എടുക്കുന്നതിനുള്ള വ്യവസ്ഥ

124 [1303] ശ്രീ. എം. വിജയകുമാർ:
,, പി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ലൈബ്രറികളിൽ ആവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിന് പ്രത്യേക തുക ബഡ്ജറ്റിൽ നീക്കിവയ്ക്കാറുണ്ടോ;

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ലൈബ്രറിയിൽ 1994-95 വർഷത്തിൽ ഈ ഇനത്തിൽ എന്തു തുക ചെലവഴിച്ചു; പ്രസ്തുത വർഷം തുക ലാപ്സാക്കിയിട്ടുണ്ടോ;

(സി) ഈ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ എടുക്കുന്നതിന് ആരെല്ലാമാണ് അർഹരായിട്ടുള്ളത്; ഒരിക്കൽ എടുത്ത പുസ്തകം എത്ര നാൾവരെ കൈവശം വയ്ക്കാമെന്നാണ് വ്യവസ്ഥ;

(ഡി) മെഡിക്കൽ വിദ്യാർത്ഥികളിൽ ജാതിയുടെ അടിസ്ഥാനത്തിൽ പുസ്തകം എടുക്കുന്നതിന് എന്തെങ്കിലും വിവേചനം ഉണ്ടോ; എങ്കിൽ ഇതിനു പകരം എല്ലാ വിദ്യാർത്ഥികൾക്കും പുസ്തകം എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ, ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

താലൂക്ക് ആശുപത്രികളിൽ ബ്ലഡ് ബാങ്ക് ആരംഭിക്കാൻ നടപടി

125 [1304] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്പോഴും ഏതെല്ലാം താലൂക്ക് ആശുപത്രികളിലാണ് ബ്ലഡ് ബാങ്ക് ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഘട്ടംഘട്ടമായി എല്ലാ താലൂക്ക് ആശുപത്രികളിലും ബ്ലഡ് ബാങ്ക് ആരംഭിക്കുവാൻ ഉദ്ദേശം ഉണ്ട്.

(ബി) പെരിന്തൽമണ്ണ താലൂക്ക് ആശുപത്രി, സുൽത്താൻബത്തേരി താലൂക്ക് ആശുപത്രി ഒഴികെ മറ്റൊരിടത്തും ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly